ഹദീസ്

സി.പി മുസമ്മിൽ കണ്ണൂർ
musammilcp@gmail.com

# കച്ചവടത്തിന്റെ നേരും നെറിയും

عَنْ أَبِي سَعِيدٍ رَضِي الله عَنه عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : التَّاجِرُ الصَّدُوقُ الأَمِينُ مَعَ النَبِيِّينَ والصِّدِّيقِينَ والشهداءِ (الترمذي)

**അബൂസഈദി(റ)ൽനിന്ന്. നബി(സ) പറഞ്ഞു: "സത്യസന്ധനും വിശ്വസ്തനുമായ കച്ചവടക്കാരൻ പ്രവാചകന്മാരുടെയും സച്ചരിതരുടെയും രക്തസാക്ഷികളുടെയും കൂടെയാണ്" (തിർമിദി)**

കൂടുതൽ പേരും കബളിപ്പിക്കപ്പെടുന്ന ഇടമാണ് വ്യാപാര മേഖല. പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത, അമിതവില ഈടാക്കൽ തുടങ്ങി പല കസർത്തുകളും നിർബാധം നടക്കുകയാണവിടെ. നേരും നെറിയും അകലം പാലിക്കുന്ന കച്ചവട മേഖലയിൽനിന്ന് ജീവിതായോധനം മതിയാക്കിയ ധാരാളം പേരുണ്ട്. അവർ പറയുന്നത് അവിടെത്തന്നെ നിൽക്കുകയാണെങ്കിൽ കോടികൾ സമ്പാദിക്കാം; പക്ഷേ മൂല്യവും ധാർമികതയും പണയം വെക്കേണ്ടി വരും എന്നാണ്. അവിടെ വഞ്ചനയും കബളിപ്പിക്കലും നടത്തി മനുഷ്യരെ പച്ചക്ക് പറ്റിക്കുകയാണ്. ഐഹികപ്രമത്തതയും സമ്പത്തിനോടുള്ള അമിത താൽപര്യവുമാണ് അത്തരക്കാരെ ദീനിൽനിന്ന് അകറ്റുന്നത്. ഈ പശ്ചാത്തലത്തിൽ വേണം ഉപര്യുക്ത ഹദീസിനെ വായിക്കേണ്ടത്.

അങ്ങാടികളും വ്യാപാര സമുച്ചയങ്ങളും വഞ്ചനയുടെയും തട്ടിപ്പിന്റെയും കേന്ദ്രങ്ങളാകുമ്പോൾ ധാർമികതയും സത്യസന്ധതയും ഉയർത്തിപ്പിടിക്കാൻ മുന്നോട്ടു വരുന്ന കച്ചവടക്കാരെ സന്തോഷവാർത്ത അറിയിക്കുകയാണ് മുഹമ്മദ് നബി (സ). സ്വർഗത്തിൽ അവരുടെ സ്ഥാനം പ്രവാചകന്മാരുടെയും രക്തസാക്ഷികളുടെയും കൂടെയാണ്.

അനുപമ വ്യക്തിത്വത്തിന്റെ ഉടമകളായ പ്രവാചക പുംഗവന്റെ അനുചരന്മാർ എല്ലാ മേഖലകളിലും തിളങ്ങിനിന്നതുപോലെ മാർക്കറ്റിലും പ്രോജ്ജ്വലമായ മാതൃക കാണിച്ചുതന്നിട്ടുണ്ട്. ആവശ്യത്തിനു കച്ചവടം നടന്നുകഴിഞ്ഞാൽ അടുത്ത സ്ഥാപനത്തിൽ പോയി സാധനങ്ങൾ വാങ്ങാൻ ഉപഭോക്താക്കളെ ഉപദേശിക്കുന്ന ഉത്തമ വ്യക്തിത്വങ്ങളായിരുന്നു സ്വഹാബാക്കൾ.

പ്രവാചകൻ കച്ചവടക്കാരോട് പറഞ്ഞു: 'അല്ലയോ കച്ചവടക്കാരേ! തീർച്ചയായും സത്യസന്ധതയും മൂല്യവും പുലർത്താത്ത കച്ചവടക്കാർ അധർമകാരികളായിട്ടായിരിക്കും അന്ത്യനാളിൽ ഉയിർത്തെഴുന്നേൽക്കുക.'

സമൂഹത്തെ നന്നായി സേവിക്കാൻ കഴിയുന്ന ഉത്തമ ഉപജീവനമാർഗമാണ് കച്ചവടം. അവിടെ ദീനീപാഠങ്ങൾ മുറുകെപ്പിടിച്ച് വാങ്ങുകയും വിൽക്കുകയും ചെയ്താൽ തന്നെ കാത്തിരിക്കുന്നത് ഉയർന്ന പദവികളും പ്രവാചകന്മാരുടെയും ശുഹദാക്കളുടെയും സാമീപ്യവുമാണ്. വ്യാജമായ കൊള്ളക്കൊടുക്കകളിൽനിന്ന് കുതറിമാറാൻ വിശ്വാസിക്ക് തന്റെ വിശ്വാസം കരുത്തു പകരേണ്ടതുണ്ട്. ശക്തമായ മതബോധമില്ലെങ്കിൽ പിടിച്ചുനിൽക്കൽ പ്രയാസം തന്നെയാണ്. 'ദീനിൽ അവഗാഹമില്ലാത്തവർ നമ്മുടെ മാർക്കറ്റിൽ വിപണനം നടത്തരുത്' എന്ന് ഉമറുബ്നുൽ ഖത്ത്വാബിന് പറയേണ്ടിവന്നത് അതുകൊണ്ടാവാം.

'വിൽക്കുമ്പോൾ വിശാലതയും വിട്ടുവീഴ്ചയും പുലർത്തുന്നവർക്ക് നാഥൻ കരുണ ചെയ്യട്ടെ' എന്ന് മുഹമ്മദ് നബി (സ) പ്രാർഥിച്ചിട്ടുണ്ട്. കടുംപിടിത്തവും കാർക്കശ്യവും വിട്ടുകളയണമെന്ന് സാരം. വാങ്ങുമ്പോൾ കൂടുതൽ വാങ്ങുകയും കൊടുക്കുമ്പോൾ കുറച്ചു കൊടുക്കുകയും ചെയ്യുന്ന കടുംപിടിത്തക്കാരായ കള്ളത്താപ്പുകാർക്ക് മുന്നറിയിപ്പു നൽകിക്കൊണ്ടാണ് ഖുർആനിലെ ഒരു അധ്യായം ആരംഭിക്കുന്നതു തന്നെ (*അൽ മുത്വഫ്ഫിഫീൻ* 83).

കച്ചവടത്തിൽ അനാവശ്യവും വ്യാജവുമായ സത്യം ചെയ്യൽ പാടുള്ളതല്ല. 'കൂടുതൽ സത്യം ചെയ്യുന്നവർക്ക് വഴങ്ങിപ്പോകരുതെ'ന്ന് അല്ലാഹുവും (68:10) 'കച്ചവടച്ചരക്കിനെ പ്രതി സത്യം ചെയ്താൽ ഉപകാരപ്പെട്ടേക്കാം, പക്ഷേ അത് അനുഗ്രഹത്തെ ഇല്ലായ്മ ചെയ്യുമെ'ന്ന് നബി(സ)യും താക്കീത് ചെയ്തിട്ടുണ്ട്.

തനിക്ക് വിധിച്ചത് മാത്രമേ ലഭിക്കൂവെന്നും കൂടുതൽ മോഹിക്കുന്നത് ദുര മൂത്ത് ദുരവസ്ഥയിലേക്ക് തന്നെ കൊണ്ടെത്തിക്കുമെന്നും വ്യാപാരി എപ്പോഴും ഓർക്കേണ്ടതുണ്ട്.

നിഷ്കളങ്കരും നിഷ്കപടരുമായ വർത്തകരിൽ നിന്നാണ് ലോകത്തിന്റെ പലഭാഗങ്ങളിലും ഇസ്‌ലാം പ്രചരിച്ചതെന്ന് ചരിത്രം. ഇന്തോനേഷ്യയിലെ തദ്ദേശീയരിൽ യമനിൽനിന്നുള്ള മുസ്‌ലിം കച്ചവടക്കാർ വലിയ സ്വാധീനമാണ് ചെലുത്തിയത്. ലോകത്തിലെ ഏറ്റവും കൂടുതൽ മുസ്‌ലിംകളുള്ള രാജ്യമായി മാറാൻ അത് നിമിത്തമായി എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നു. ചരിത്രം ആവർത്തിക്കാൻ ഈ പ്രതിസന്ധികാലത്തും നമ്മുടെ കച്ചവടക്കാർക്ക് സാധിക്കട്ടെ. ●